## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1705** **28-07-2021 - ൽ മറുപടിയ്ക്ക്**

## മാലിന്യനിർമ്മാർജ്ജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഫലപ്രദമായ മാലിന്യനിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (എ) | വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾക്കൊപ്പം ആവശ്യമായ ഇടങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും ആസൂത്രണം ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് മാലിന്യ നിർമാർജനം സാധ്യമാക്കുന്നതിന് സർക്കാർ നടപ്പാക്കിവരുന്നത്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക, സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി കൈമാറുന്നതിനുവേണ്ടി എം.സി.എഫ്., ആർ.ആർ.എഫ് സെന്ററുകളുടെ പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫുകളിലും, ആർ.ആർ.എഫുകളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി |

| | | | |
|---|---|---|---|
| | | | സംയോജിപ്പിച്ച് വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. മിനി എം.സി.എഫ്. നിർമാണം, സോക്ക്പിറ്റുകളുടെ നിർമാണം, കമ്പോസ്റ്റ് പിറ്റുകളുടെ നിർമാണം എന്നിവയാണ് നടന്നുവരുന്നത്. അവയുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്. നഗരപ്രദേശങ്ങളിലേയും അനുബന്ധ പ്രദേശങ്ങളിലേയും മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി സാധ്യമായ ഇടങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ് റ്റു എനർജി പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലോകബാങ്ക് സഹായത്തോടെ നഗരമാലിന്യ സംസ്കരണത്തിനായി കേരളം സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | ജൈവ-അജൈവ മാലിന്യങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ ഫലപ്രദമായി വിനിയോഗിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | അജൈവ പാഴ്വസ്തുക്കളെ പുന:ചംക്രമണത്തിനുള്ള വിഭവമായി കണക്കാക്കി ഹരിതകർമസേന മുഖേന വാതിൽപ്പടി ശേഖരണം നടത്തി ക്ലീൻ കേരള കമ്പനി വഴിയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്വകാര്യ സംരംഭകർ വഴിയും പുന:ചംക്രമണ വ്യവസായികളിലേയ്ക്ക് എത്തിക്കുന്ന നയമാണ് സംസ്ഥാനം നിലവിൽ പിന്തുടരുന്നത്. സംസ്ഥാനത്തെ ഒട്ടനവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ ഈ രീതിയിലേയ്ക്ക് മാറിക്കഴിഞ്ഞു. അടുത്ത ഒരു വർഷത്തിനുള്ളിൽ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഈ രീതിയിലേയ്ക്ക് എത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പുന:ചംക്രമണ വ്യവസായം വ്യാപകമാക്കി യിട്ടുള്ള അന്യസംസ്ഥാനങ്ങളിലേയ്ക്കാണ് നിലവിൽ ഈ പാഴ്വസ്തുക്കൾ പോവുന്നത്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് തന്നെ വ്യവസായ പാർക്കുകളുടെ ഭാഗമായി പുന:ചംക്രമണ വ്യവസായങ്ങൾ സർക്കാർ ആനുകൂല്യം ലഭ്യമാക്കി തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തിരുവനന്തപുരം വേളിയിൽ ഇത്തരം ഒരു വ്യവസായം തുടങ്ങുന്നതിന് പാഴ്വസ്തു വ്യാപാരി അസോസിയേഷന് നിലവിൽ അനുമതി നൽകിയിട്ടുള്ളതും പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ജൈവ മാലിന്യങ്ങൾ വിൻഡ്രോ കമ്പോസ്റ്റിംഗ്, തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് രീതികളിലൂടെ വികേന്ദ്രീകൃതമായി സംസ്കരിച്ച് ജൈവവളമാക്കി വിൽപ്പന നടത്തുന്ന 26 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ സംസ്ഥാനത്തുണ്ട്. ശുചിത്വ മിഷൻ വിവിധ സ്കീമുകളുടെ ഭാഗമായി കൂടുതൽ സ്ഥലങ്ങളിൽ ഇത്തരം സംസ്കരണ സംവിധാനങ്ങൾ നിലവിൽ വരുമ്പോൾ കൂടുതൽ തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്ക് വ്യവസായികാടിസ്ഥാനത്തിൽ ജൈവവള വ്യവസായം തുടങ്ങുന്നതിനുള്ള സാധ്യതകൾ ഉണ്ടാവും. അതുവഴി മാലിന്യ സംസ്കരണത്തിലൂടെ വരുമാനം ഉണ്ടാക്കുന്നതിനുള്ള സാധ്യത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാവും. |
| (സി) | റസിഡൻസ് അസോസിയേഷനുകളെയും ജനകീയ സമിതികളെയും ഇതര സംഘടനകളെയും ഫലപ്രദമായ മാലിന്യനിർമ്മാർജ്ജനത്തിന് ഉപയോഗപ്രദമാക്കുവാൻ പദ്ധതികൾ തയ്യാറാക്കുമോ; വിശദമാക്കുമോ; | (സി) | റസിഡൻസ് അസോസിയേഷനുകളെയും ജനകീയ സമിതികളെയും ഇതര സംഘടനകളെയും ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജനത്തിന് ഉപയോഗ പ്രദമാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കിവരുന്നു. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ റസിഡന്റ്സ് അസ്സോസിയേഷനുകളുടേയും ജനകീയ സമിതികളുടേയും ഇതര സംഘടനകളുടേയും പങ്കാളിത്തത്തോടുകൂടിയാണ് നടപ്പാക്കിവരുന്നത്. |
| (ഡി) | തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി മാലിന്യനിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. മിനി എം.സി.എഫ്. നിർമ്മാണം, സോക്പിറ്റുകളുടെ നിർമ്മാണം, കമ്പോസ്റ്റ്പിറ്റ് നിർമ്മാണം എന്നിവയാണ് പ്രധാനമായും നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ